തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പൊതുസഭ

## ഇരുപത്തിയേഴാമത് യോഗതീരുമാനങ്ങൾ

### 2022 ആഗസ്റ്റ് 5 വെള്ളിയാഴ്ച രാവിലെ 10.30 ന്

(നേരിട്ടും ഗൂഗിൾമീറ്റ് വഴിയും)

### അക്ഷരം കാമ്പസ്, തിരൂർ

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ കുറുക്കോളി മൊയ്തീൻ (എം.എൽ.എ.)
3. ശ്രീമതി നിതകുമാരി (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ പ്രസാദ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യവകുപ്പ്)
5. ശ്രീ കലാമണ്ഡലം പ്രഭാകരൻ - ചെയർമാൻ, ആർട്സ് ഫാക്കൽറ്റി ഉപദേശകസമിതി
6. ശ്രീ ടി.ആർ. സദാശിവൻ നായർ, ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം
7. ഡോ. എം.വി. നാരായണൻ - വൈസ് ചാൻസലർ, കേരള കലാമണ്ഡലം
8. ഡോ. കെ.കെ.എൻ. കുറുപ്പ് - ചെയർമാൻ, പൈതൃകപഠന ഫാക്കൽറ്റി ഉപദേശകസമിതി
9. ഡോ. കെ.ജി. പൗലോസ്
10. ഡോ. സി. രാജേന്ദ്രൻ (വൈസ് ചെയർമാൻ, ഗവേഷണസഭ)
11. കലാമണ്ഡലം ഹൈമവതി - ഡീൻ, കലാ ഫാക്കൽറ്റി
12. ശ്രീ പ്രേംപ്രസാദ് വി.ഡി. (സംഗീതനാടക അക്കാദമി)
13. ഡോ. ലിസ്സി മാത്യു (വൈസ് ചെയർമാൻ, ഗവേഷണസഭ)
14. ഡോ. സി.ജെ. കുട്ടപ്പൻ
15. ഡോ. മുരളി ചീരോത്ത്
16. ഡോ. സി.പി. അച്യുതനുണ്ണി
17. ഡോ. ടി. ബി. വേണുഗോപാലപണിക്കർ - ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി
18. ശ്രീമതി മേരി ജോർജ്
19. ഡോ. കെ.വി.ശശി
20. ഡോ. സ്മിത കെ നായർ
21. ഡോ. കെ.എം. അനിൽ
22. ഡോ. ധന്യ

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗാരംഭത്തിൽ സർവകലാശാലയുടെ ദൗത്യനിർവഹണത്തിനും മികവിനും ആവശ്യമായ ചർച്ച അനിവാര്യമാണെന്ന് വൈസ് ചാൻസലർ അറിയിച്ചു. തുടർന്ന്, മലയാളത്തിന്റെ വൈജ്ഞാനിക പദവി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടത് മലയാളസർവകലാശാലയാണെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഒരു നിർദ്ദേശം വെച്ചിട്ടുണ്ടെന്നും അതിനുള്ള പ്രോജക്ട് സർവകലാശാല സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും വൈസ് ചാൻസലർ പൊതുസഭയെ അറിയിച്ചു. അത്തരം ഒരു പ്രോജക്ട് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇനി സർവകലാശാലയുടെ പുരോഗതിക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് സംബന്ധിച്ചുള്ള ഫലപ്രദമായിട്ടുള്ള നിർദ്ദേശങ്ങൾ ബഹു. അംഗങ്ങളിൽ നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ധ്യക്ഷൻ അംഗങ്ങളെ ചർച്ചക്ക് ക്ഷണിച്ചു.

**ഡോ. സി. രാജേന്ദ്രൻ** : ആദ്യമായി നമ്മൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത്. 'നാക്കി'ന്റെ അക്രഡിറ്റേഷൻ നേടിയെടുക്കുകയെന്നതാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് സർവകലാശാലയുടെ ഭാവി നിലകൊള്ളുന്നത്. ഇപ്പോൾ കേരളത്തിൽ 'നാക്ക്' അക്രഡിറ്റേഷൻ ഇല്ലാത്ത ഒരു സർവകലാശാലയാണ് നമ്മുടേത്. അത് ഇനിയും വൈകിച്ചുകൂടാ. അതിനു വേണ്ടിയുള്ള ഏകോപിത പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിൽ ചില ദുർബല മേഖലകളുണ്ട്. ചില മേഖലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായിട്ടുമുണ്ട്. ദുർബലമേഖലകൾ എന്നു പറയുമ്പോൾ, അടിസ്ഥാനസൗകര്യങ്ങൾ പൂർണമായും വികസിപ്പിച്ചിട്ടില്ലെന്നതാണ്. നമ്മുടെ പരിമിതിക്കകത്ത് നിന്നുകൊണ്ട് ഈ സർവകലാശാലക്ക് അക്രഡിറ്റേഷനുവേണ്ടി മുമ്പിൽ കാണിക്കാവുന്ന മികവുകളെന്തൊക്കെയാണെന്ന് കൃത്യമായ രേഖപ്പെടുത്തേണ്ടതുണ്ട്. അക്രഡിറ്റേഷന് അപേക്ഷിക്കുന്നതിന് മുമ്പ് എന്തൊക്കെ ചെയ്തു തീർക്കാൻ കഴിയുമെന്ന് ആലോചിക്കണം. ഇതിനൊക്കെ ഊർജ്ജസ്വലമായ പ്രവർത്തനം വേണ്ടി വരും. സർവകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു ഫണ്ട് ഉണ്ടാക്കുകയും അതിലെ പ്രധാനപ്പെട്ട കാര്യങ്ങളെ മുൻഗണനാക്രമത്തിൽ ക്രോഡീകരിക്കുകയും അവ ഓരോന്നായി നടപ്പാക്കുകയും വേണം. പിന്നീട് 'നാക്ക്' അക്രഡിറ്റേഷന്റെ കാര്യത്തിൽ ഒരു റോഡ്മാപ്പ് തയ്യാറാക്കണം. ഏകദേശം ഏതു സമയത്താണ് അസസ്മെന്റ് നടക്കുക, അതിന് മുമ്പ് എന്തൊക്കെ പണികൾ ചെയ്തുതീർക്കാനുണ്ട്, അതിൽ എത്രമാത്രം ചെയ്തുതീർത്തു എന്നു വിലയിരുത്തണം. ശേഷം, ഏകദേശം ഇന്ന മാസത്തിനുള്ളിൽ 'നാക്കി'ന്റെ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാമെന്നുള്ള സങ്കൽപ്പം ഉണ്ടാക്കണം. അതനുസരിച്ച് നാം പ്രവർത്തിക്കണം. കേരളത്തിലെ ചില സർവകലാശാലകൾക്ക് A+, A++ ഗ്രേഡ് കിട്ടിയിട്ടുണ്ട്. നമ്മുടെ സർവകലാശാലക്ക് 'നാക്കി'ന്റെ അക്രഡിറ്റേഷൻ കിട്ടി കഴിഞ്ഞാൽ ഇപ്പോൾ സർവകലാശാല അഭിമുഖീകരിക്കുന്ന മിക്ക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. കാരണം, ഫണ്ടിങ് ഏജൻസികളിൽ നിന്നെല്ലാം ധാരാളം ഫണ്ട് വരും. ഈ സർവകലാശാലയുടെ നിലനിൽപ്പിന് പോലും 'നാക്ക്' അക്രഡിറ്റേഷൻ അത്യാവശ്യമായി വന്നിരിക്കുന്നുവെന്നത് വിസ്മരിക്കാനാവില്ല. നമ്മുടെ എല്ലാ ചർച്ചകളിലും, ഭാവിയിലുള്ള പ്രവർത്തനങ്ങളിലും മാർഗ്ഗനിർദ്ദേശമായി ഇക്കാര്യങ്ങൾ കണക്കിലെടുക്കണമെന്ന് ഡോ. സി. രാജേന്ദ്രൻ പറഞ്ഞു.

**വൈസ് ചാൻസലർ** : 'നാക്ക്' ഗ്രേഡിങ്ങിനു വേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ടെന്നും എന്നാൽ നമ്മുടെ ഒരു പ്രധാന ദൗർബല്യം അനദ്ധ്യാപകരുടെ നിയമനം നടന്നിട്ടില്ലായെന്നതാണെന്നും വൈസ് ചാൻസലർ സഭയെ അറിയിച്ചു. ഒരു ജീവനക്കാരി മാത്രമാണ് സ്ഥിരം തസ്തികയിലുള്ളത്. അധ്യാപകർ എല്ലാവരും ഐക്യദാർഢ്യത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. താമസംവിന അക്രഡിറ്റേഷനിലേക്ക് പോകണമെന്നതാണ് സർവകലാശാലയുടെ ആഗ്രഹമെന്നും വൈസ് ചാൻസലർ ചർച്ചയിൽ ഇടപ്പെട്ട് പറഞ്ഞു. എന്നാൽ ബന്ധപ്പെട്ട ചില കാര്യങ്ങളിലൊക്കെ നമ്മൾ കുറച്ചുകൂടി മുന്നോട്ടു പോകാനുണ്ടെന്നും പ്രത്യേകിച്ച് ഡിജിറ്റൈസേഷൻ പോലുള്ള കാര്യങ്ങളിൽ സ്വയം പര്യാപ്തതയിൽ എത്തിച്ചേരാനുണ്ടെന്നും വൈസ് ചാൻസലർ കൂട്ടിച്ചേർത്തു. അടുത്ത മാസമെങ്കിലും അക്രഡിറ്റേഷൻ നടപടിയിലേക്ക് പോകാൻ സാധിക്കണം. ഫയലുകളുടെ കാര്യത്തിൽ കുറച്ചുകൂടി മുന്നോട്ട് പോകേണ്ടതുണ്ട്. ഡിജിറ്റൈസേഷൻ നടപടികളും ഉടനടി പൂർത്തീകരിക്കേണ്ടതുണ്ട്.

**ഡോ. ശശി കെ.വി.** : കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും ഉപയോഗിക്കാവുന്ന ഒരു ഭരണശബ്ദതാരാവലി തയ്യാറാക്കാനുള്ള പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സർവകലാശാലയിൽ അത് നടപ്പിലാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു.

**ഡോ. കെ.ജി. പൗലോസ്** : ഭരണഭാഷയിൽ ഉപയോഗിക്കുന്ന ശബ്ദതാരാവലി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടന്നിട്ടുണ്ട്. അതിന് സർവകലാശാലാ തലത്തിൽ ഒന്നു ചെയ്യേണ്ടതില്ല. എന്നാൽ, അക്കാദമികതലത്തിലുള്ള ഒരു ശബ്ദതാരാവലി വന്നിട്ടില്ല. അതു നമുക്ക് പ്രവർത്തിക്കാവുന്നതുമായ ഒരു കാര്യമാണ്.

**ഡോ. സി രാജേന്ദ്രൻ:** പ്രധാനപ്പെട്ട കാര്യം ഒരു ഐക്യരൂപം വരുത്തുക എന്നതാണ്. ഓരോ സർവകലാശാലയും ശബ്ദതാരാവലി ഉണ്ടാക്കിയാൽ കൃത്യത കിട്ടില്ല. വൈസ് ചാൻസലർമാരുടെ സമ്മേളനത്തിൽ വെച്ച് ഇക്കാര്യം മലയാളസർവകലാശാല ചർച്ചക്കെടുപ്പിക്കണം. അതിന് നേതൃത്വം നൽകാൻ മലയാളസർവകലാശാലക്ക് സാധിക്കും. അതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും അത് എല്ലാ സർവകലാശാലകളേയുംകൊണ്ടും അംഗീകരിപ്പിക്കുകയും വേണം. അത് സമയബന്ധിതമായി ചെയ്യണം.

**ഡോ. ലിസി മാത്യു** : മറ്റ് വൈജ്ഞാനിക വിഷയങ്ങൾ, ഫിസിക്സ്, കെമിസ്ട്രി തുടങ്ങിയവ പഠിപ്പിക്കുന്ന സമയത്ത് വൈജ്ഞാനികപദങ്ങൾക്ക് ഐക്യരൂപ്യമുള്ള കൃത്യമായ പദങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ എഞ്ചിനീയറിങ് ടെസ്റ്റുകളൊക്കെ മലയാളത്തിലേക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിനൊരു കൃത്യത വരുത്താൻ വേണ്ടി ഏറ്റവും നന്നായി പ്രവർത്തിക്കുവാൻ കഴിയുക മലയാളസർവകലാശാലക്കാണ്. ഇത്തരം പ്രവർത്തനങ്ങൾകൂടി നമ്മൾ മുമ്പിൽ കാണേണ്ടതുണ്ട്.

**വൈസ് ചാൻസലർ** : മലയാളസർവകലാശാല ഈ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് എത്രയോ നിർദ്ദേശങ്ങൾ സർക്കാരിന് അയച്ചുകൊടുത്തിരിക്കുന്നു. മൂന്നും നാലും തവണ. ഇതിൽ ഒരു പ്രശ്നം മറ്റ് യൂണിവേഴ്സിറ്റികളുടെ ഭാഗത്തുനിന്നും ഇതിനു അനുകൂലമായ മനോഭാവം ഉണ്ടായിട്ടില്ലെന്നതാണ്. മലയാളസർവകലാശാല പരമാവാധി എല്ലാ കാര്യങ്ങളിലും മലയാളമാണ് ഉപയോഗിക്കുന്നത്. എന്നിരുന്നാലും മറ്റ് സർവകലാശാലകൾ ഇപ്പോഴും ഭരണരംഗത്ത് ഇംഗ്ലീഷ് തന്നെയാണ് ഉപയോഗിക്കുന്നത്. അതിൽ ഒരു മാറ്റവും വന്നിട്ടില്ല. നമ്മൾ പദങ്ങൾ മലയാളത്തിൽ ഉണ്ടാക്കിയാൽ തന്നെ അവ ഉപയോഗിക്കുവാനുള്ള മനസ്സ് മറ്റ് സർവകലാശാലകൾക്കില്ല.

**ഡോ. സ്മിത കെ. നായർ:** പദങ്ങളുടെ കുറവാണ് ഉപയോഗിക്കാത്തതിന് കാരണം.

**വൈസ് ചാൻസലർ:** അത് ശരിയല്ല. അതൊക്കെ പറച്ചിൽ മാത്രമാണ്, അതിന് തെളിവാണ് എഞ്ചിനീയറിങ് പഠനം മലയാളത്തിലാക്കുന്നതിനുള്ള നിർദ്ദേശത്തിന് സ്വീകാര്യത ലഭിക്കാതെ വന്നത്. സാങ്കേതിക പദങ്ങൾ മലയാളത്തിൽ ഉണ്ടാക്കാൻ കഴിയില്ലെന്ന മനോഭാവത്തോടെയാണ് ഈ വിഷയത്തെ ഇപ്പോൾ പൊതുവെ സമീപിക്കുന്നത്.

**ഡോ. സ്മിത കെ നായർ:** ഭാഷാഇൻസ്റ്റിറ്റ്യൂട്ടിൽ പദങ്ങൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ എസ്.ഇ.ആർ.ടി. യുടെ പദങ്ങൾ നോക്കുകയാണെങ്കിൽ രണ്ട് പദങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. എസ്.ഇ.ആർ.ടി.യിൽ സ്കൂൾ തലത്തിൽ കുട്ടികൾ ഉപയോഗിക്കുന്ന പദങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹയർ എജ്യുക്കേഷൻ മേഖലയിൽ ഉപയോഗിക്കുന്ന പദങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇത് ഏകോപിപ്പിക്കുവാനുള്ള ഒരു സംവിധാനമായി മലയാളസർവകലാശാല മാറണം.

**വൈസ് ചാൻസലർ** : മലയാളസർവകലാശാലയെ നോഡൽ കേന്ദ്രമാക്കാനുള്ള നിർദ്ദേശമുണ്ട്. എന്നാൽ നമ്മൾ പറയുന്നത് മറ്റുള്ളവർ അംഗീകരിക്കേണ്ടേ. അതിന് എല്ലാ സർവകലാശാലകളുടേയും ഒരു കോർഡിനേഷൻ വേണം.

**ഡോ. കെ.ജി. പൗലോസ്** : അത് വൈസ് ചാൻസലർമാരുടെ കോൺഫറൻസിൽ വെച്ച് തീരുമാനിക്കാവുന്നതാണ്.

**വൈസ് ചാൻസലർ** : വെസ് ചാൻസലർമാരുടെ കോൺഫറൻസിൽ പോലും മലയാളം പറയാൻ പറ്റാത്ത അവസ്ഥയുണ്ട്. ഏറ്റവും ചുരുങ്ങിയത് എല്ലാ സർവകലാശാലകളിലും സമർപ്പിക്കപ്പെടുന്ന ഗവേഷണ തിസീസുകളുടെ സത്തയെങ്കിലും മലയാളത്തിൽ വേണമെന്ന് ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുവരെ ഒരു യൂണിവേഴ്സിറ്റിയും അത് ചെയ്തിട്ടില്ല.

**ഡോ. എം.വി. നാരായണൻ** : ഞങ്ങൾ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ഉന്നത വിദ്യാഭ്യാസ പരിഷ്കരണ റിപ്പോർട്ടിൽ 'ട്രാൻസിലേഷൻ വിഷൻ' എന്ന നിർദ്ദേശമുണ്ട്. അതിൽ നോഡൽ ഏജൻസിയായി പറഞ്ഞിട്ടുള്ളത് മലയാളസർവകലാശാലയെ തന്നെയാണ്. ട്രാൻസിലേഷൻ വിഷന്റെ പ്രവർത്തനങ്ങൾ പലതലങ്ങളിലാണ് വരുന്നത്. അതിൽ ഒന്ന്, യൂണിവേഴ്സിറ്റി തലത്തിൽ അല്ലാതെ അഡ്മിനിസ്ട്രേറ്റീവ് തലത്തിലും അല്ലാതെയുമുള്ള ഭരണഭാഷക്ക് ഒരു ശബ്ദതാരാവലി ഉണ്ടാക്കുകയെന്നതാണ്. മറ്റൊന്ന്, ശാസ്ത്രവും സാമൂഹ്യശാസ്ത്രവും മാനവികവുമായ വിഷയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സൈദ്ധാന്തികമായ പഠനങ്ങളൊക്കെ പരിഭാഷപ്പെടുത്തി ഒരു സാരസംഗ്രഹം ഉണ്ടാക്കുക. സാഹിത്യ അക്കാദമിയേയും മലയാളസർവകലാശാലയേയുമാണ് ഇവ നടപ്പിലാക്കുന്നതിനുള്ള ഏജൻസികളായി അതിൽ ഞങ്ങൾ ശുപാർശ ചെയ്തിട്ടുള്ളത്. അതിന്റെ വെളിച്ചത്തിലായിരിക്കണം പ്രൊഫ. രാജൻ ഗുരുക്കൾ അത്തരത്തിലൊരു ആശയം വൈസ് ചാൻസലറോട് പറഞ്ഞിട്ടുണ്ടായിരിക്കുക. അത് വളരെ ഗൗരവമായിട്ടു കൈകാര്യം ചെയ്യേണ്ടതുണ്ട്. ട്രാൻസിലേഷൻ വിഷൻ എന്നത് മലയാളഭാഷയുടെ തലത്തിൽ മാത്രമല്ല കേരളത്തിലുള്ള എല്ലാ തദ്ദേശഭാഷകളും ആദിവാസി ഭാഷകളും തൊട്ട് മലയാളമൊക്കെ ഉൾപ്പെടുന്ന ഒരു 'ട്രാൻസിലേഷൻ വിഷൻ' തന്നെയായിരിക്കും. അതോടൊപ്പം മലയാളത്തിലെ രേഖകൾ, മലയാളത്തിലെ പ്രധാനപ്പെട്ട ജ്ഞാനവ്യവഹാരങ്ങളുമൊക്കെ ഇംഗ്ലീഷിലേക്കും മറ്റ് ഭാഷകളിലേക്കും പരിഭാഷ പെടുത്താനും വിവർത്തനം ചെയ്യാനുമുള്ള സംഗതി കൂടി അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് വളരെ പ്രധാനമാണ്. രണ്ടാമത് ഒരു കാര്യം സർവകലാശാലകളിൽ ഉപയോഗിക്കുന്ന പ്രയോഗങ്ങളുടെ മലയാളീകരണമെന്നുള്ളതാണ്. ഇപ്പോൾ ഒരു പ്രശ്നം വരുന്നത് ആക്ടും സ്റ്റാറ്റ്യൂട്ടുമെല്ലാം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനുള്ള ഗൗരവമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ട്. നമ്മുടെയെല്ലാം ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും മാറ്റത്തിന്റെ വക്കത്ത് നിൽക്കുകയാണ്. സമഗ്രമായിട്ടുള്ളൊരു ഭരണപരിഷ്കാരത്തിന്റെ ഭാഗമായി എല്ലാ സർവകലാശാലകളുടെയും പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾക്കുവേണ്ടിയുള്ള മൂന്ന് കമ്മീഷൻ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ നിയമാവലികൾ കുറേക്കൂടി ലളിതമാക്കുകയും കുറേക്കൂടി പ്രയോഗത്തിന് സൗകര്യപ്രദമായ രീതിയിൽ മാറ്റുകയും ചെയ്യണം. പ്രത്യേകിച്ച്, ഫിനാൻസിന്റെയൊക്കെ കാര്യങ്ങളിൽ വലിയ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്. അത്തരത്തിൽ ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും മാറ്റുമ്പോൾ നിലവിലുള്ളവ ഇന്ന് പരിഭാഷപ്പെടുത്തുകയാണെങ്കിൽ അതൊരു വൃഥാവ്യയമാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ എന്റെ നിർദ്ദേശം ഈ മാറ്റങ്ങൾക്കുശേഷം പരിഭാഷപ്പെടുത്തുന്നതാകും ഉചിതമെന്നാണ്. രാജേന്ദ്രൻ മാഷ് പറഞ്ഞത് ശരിയാണ്. പക്ഷേ കുറച്ചൊന്ന് താമസിച്ച് ചെയ്യുന്നതായിരിക്കും നല്ലത്. മൂന്നാമതായി 'നാക്കി'ന്റെ അക്രഡിറ്റേഷന്റെ സിസ്റ്റം തന്നെ സമഗ്രമായ മാറ്റത്തിന് വിധേയമാകാൻ പോകുകയാണ്. ഇതുവരെ യൂണിവേഴ്സിറ്റികൾക്കാണ് അക്രഡിറ്റേഷൻ കൊടുത്തിരിക്കുന്നത്. ഇനി അത് മാറ്റി ഡിപ്പാർട്ട്മെന്റുകൾക്കാണ് അക്രഡിറ്റേഷൻ നൽകുക. ഇപ്പോൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ ചില ഡിപ്പാർട്ട്മെന്റുകളും ചില വ്യക്തികളും ശക്തമായി പ്രവർത്തിക്കുന്നതുകൊണ്ട് സർവകലാശാലകൾ രക്ഷപ്പെടാറുണ്ട്. അതിനുള്ള സാധ്യത നഷ്ടപ്പെടും. ഭാവിയിൽ ഓരോ ഡിപ്പാർട്ട്മെന്റിനായിരിക്കും സഹായം ലഭിക്കുക. അതിനാൽ എന്റെയൊരഭ്യർത്ഥന സർവകലാശാലകളുടെ ഈയൊരു റൗണ്ടിലുള്ള അക്രഡിറ്റേഷൻ ഉടനടി പൂർത്തീകരിക്കണമെന്നുള്ളതാണ്. പുതിയ സംവിധാനത്തിൽ വളരെ വ്യത്യസ്തമായ മാനദണ്ഡങ്ങ

ളൊക്കെയായിരിക്കും ഉണ്ടാവുക. പ്രത്യേകിച്ച് ഭാഷാസർവകലാശാലകൾക്കും മാനുഷിക വിഷയങ്ങളിൽ പ്രധാനമായും വ്യാപരിക്കുന്ന സർവകലാശാലകൾക്കും അത് കൂടുതൽ ദുഷ്കരമാകാനുള്ള സാദ്ധ്യതയുണ്ട്. അപ്പോൾ എത്രയും പെട്ടെന്ന് ഈയൊരു ഒന്നാംഘട്ട അക്രഡിറ്റേഷൻ തീർക്കുന്നതായിരിക്കും നല്ലത്.

**ഡോ. കെ.എം. അനിൽ** : നാരായണൻ മാഷ് പറഞ്ഞതിനോട് ചേർക്കാനുള്ളത് മലയാള സർവകലാശാലയിൽ കഴിഞ്ഞ ഒരു വർഷമായി പലതരം നിർദ്ദേശങ്ങൾ പല ഘട്ടങ്ങളി ലായി കൊടുത്തു. ഇപ്പോൾ പ്രൊഫ. രാജൻ ഗുരുക്കൾ പറഞ്ഞതനുസരിച്ച് അവ ഒരുമിച്ച് നൽകാനിരിക്കുകയാണ്. ധാരാളം വൈജ്ഞാനികഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡോ. എൻ.വി. കൃഷ്ണവാര്യരുടെ കാലം മുതൽ ഇറക്കിയിട്ടുണ്ട്. അതിൽ ഇപ്പോൾ ഏതൊക്കെ പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാണെന്ന ഒരു സർവേ നടക്കേണ്ടതാണ്. അത് ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും വളരേയേറെ ഗുണകരമാ യിരിക്കും. അതിനുള്ള ഒരു പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളത്. രണ്ടാമത്, നിലവിലുള്ള പുസ്തകങ്ങളെ സംബന്ധിച്ച് ഡോ. രാജൻ ഗുരുക്കൾ അന്നത്തെ കോൺഫറൻസിൽ പറ ഞ്ഞിട്ടുള്ളൊരു കാര്യം പദങ്ങളുടേതാണ്. മുൻകാല പദങ്ങൾ പരിഭാഷപ്പെടുത്തുന്നതിന് പിന്തുടർന്നു വന്നിരുന്ന പദ്ധതിയിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയിൽ ഒരു പുതിയ സമീപനം പദങ്ങളുടെ കാര്യത്തിൽ വേണ്ടതാണെന്ന് സൂചിപ്പിക്കുകയും ആ അർത്ഥത്തിൽ അതെല്ലാം പരിഗണിച്ചുകൊണ്ട് ഏതെല്ലാം മേഖലകളിലാണ് വൈജ്ഞാനികകൃതികളുടെ ദൗർലഭ്യമുള്ളതെന്നും മനസ്സിലാക്കി ആ മേഖലയിൽ ഊന്നിക്കൊണ്ടുള്ള പുതിയ പ്രോജ ക്ടുകൾ സൃഷ്ടിക്കാനും സാധിക്കും. മറ്റൊന്ന് വൈജ്ഞാനിക മേഖലയിലെ അടിസ്ഥാന ലേഖനങ്ങളും പുസ്തകങ്ങളും വിവർത്തനം ചെയ്യാനുള്ള പദ്ധതിയാണ്. പോസ്റ്റ് ഡോക്ട റൽ ഫെലോഷിപ്പ് നൽകി പ്രൊഫസർമാർക്ക് അതിന്റെ മേൽനോട്ടച്ചുമതല കൊടുത്തു കൊണ്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന വലിയ ഒരു പ്രോജക്ടാണിത്. അതുപോലെ വേറൊന്ന് പദകോശനിർമാണമാണ്. ഏതെല്ലാം പദങ്ങൾ വൈജ്ഞാനിക മേഖലയിൽ ഉപയോഗിക്ക ണമെന്നത് സംബന്ധിച്ച് നിലവിലുള്ള കൃതികളെല്ലാം പരിശോധിച്ച് അവലോകനം ചെയ്യും. ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ചുള്ള മാറ്റം വരുത്തി പുനഃപ്രകാശനം ചെയ്യുന്നതിനുള്ള പ്രോജക്ടാണ് സർക്കാരിന്റെ പരിഗണനക്ക് സമർപ്പിച്ചിട്ടുള്ളത്. മറ്റൊന്ന്, സ്റ്റൈൽഷീറ്റ് ഉണ്ടാ ക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. പൊതുവെ ഇത്തരം പരിഭാഷ, ഭരണഭാഷ തുടങ്ങിയി ട്ടുള്ള കാര്യങ്ങളിൽ മലയാളത്തിന്റെ ലിപി അതുപോലെ അതിലെ പദങ്ങളുടെ സ്വഭാവം ഇവ സംബന്ധിച്ച് ഒരു സ്റ്റൈൽബുക്ക് രൂപപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശവും സർക്കാ രിന് സമർപ്പിച്ചിട്ടുണ്ട്. ഇത് മൂന്ന് തവണ കൊടുത്തിട്ടുമുണ്ട്. ഇപ്പോൾ ഡോ. രാജൻഗുരു ക്കൾ പറഞ്ഞത് പ്രകാരം വീണ്ടും എല്ലാം ചേർത്ത് അയക്കുകയാണ്. അതുകൊണ്ട് ഈ സഭയിലെ എല്ലാ അംഗങ്ങളുടെ ശ്രദ്ധയിൽ ഇത് ഉണ്ടായാൽ അത് ഭാഷക്കും സർവകലാ ശാലക്കും, പ്രത്യേകിച്ച് സർവകലാശാലയിലെ പഠനസ്കൂളുകൾക്ക് അത് വലിയ അളവിൽ ഒരു സഹായം ആയിരിക്കുമെന്നാണ് കരുതുന്നത്.

**ഡോ. കെ.കെ.എൻ. കുറുപ്പ്:** മലയാളസർവകലാശാല അടുത്ത രണ്ട് വർഷത്തേക്ക് (2023, 2024) പ്രസിദ്ധീകരിക്കേണ്ട പുസ്തകങ്ങളുടെ വൊക്കാബുലറിയും പദങ്ങളും പുസ്തക ങ്ങളും ഏതെല്ലാമാണെന്ന് തീരുമാനിക്കണം. അതിന്റെ പകർപ്പവകാശം വാങ്ങേണ്ടവ ബന്ധ പ്പെട്ടവരിൽ നിന്നും കരസ്ഥമാക്കുകയും വേണം. പ്രസിദ്ധീകരണവിഭാഗത്തെ കൂടുതൽ ശക്തമാക്കി, മൾട്ടിനാഷണൽ കമ്പനികളോട് മത്സരിക്കാവുന്ന വിധത്തിൽ വളർത്തണം. ഓറിയന്റ് ലോങ്മാനെല്ലാം ചെയ്യുന്നത് പോലുള്ള തരത്തിൽ നമുക്കും ചെയ്യാനാകണം. കിട്ടിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയല്ല മറിച്ച്, വൈജ്ഞാനിക സാഹിത്യം വിമർശ നസാഹിത്യം എന്നിവയിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന പുസ്തകങ്ങൾ ഏതെന്ന്

തീരുമാനിച്ച് അതിന്റെ പട്ടികയുണ്ടാക്കി അവയുടെ പകർപ്പാവകാശം എഴുതി വാങ്ങുവാനുള്ള നടപടികൾ സ്വീകരിക്കണം. അതിന് പറ്റിയ പ്രൊഫസർമാരെയും പരിഭാഷകരേയും കണ്ടെത്തണം. അത് മോണിറ്റർ ചെയ്ത് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞാൽ നമ്മുടെ വരുമാന സ്രോതസ് വർദ്ധിക്കും. അങ്ങനെയൊരു സ്കീം ഉണ്ടാക്കേണ്ടതാണ്.

**ഡോ. എം.വി. നാരായണൻ** : അക്കാദമിക് പ്രസിദ്ധീകരണത്തിന്റെ ഒരു വിഷയമെന്നത് 'വിസിബിലിറ്റി'യാണ്. അത് പബ്ലിക് വിസിബിലിറ്റി മാത്രമല്ല അക്കാദമിക് വിസിബിലിറ്റി എന്ന് പറയുന്നതും അക്കാദമിക് നിലവാരം സംരക്ഷിക്കുകയെന്നതും പ്രധാനമാണ്. എന്തുകൊണ്ടാണ് നമ്മുടെ സർവകലാശാലകൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്ക് വേണ്ടത്ര അംഗീകാരം കിട്ടാതെ വരുന്നതെന്ന് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതാണ്. അതിൽ പല സംഗതികളുമുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിൽ ഒട്ടും കാണാത്ത ഒന്നാണ് കോപ്പി എഡിറ്റിങ് എന്നത്. പലപ്പോഴും ഗ്രന്ഥകാരൻ തരുന്ന പുസ്തകം അതേപടി പ്രസിദ്ധീകരിക്കുകയാണ് നമ്മൾ ചെയ്യുന്നത്. അതിലെ ഭാഷയോ, ചിന്തകളുടെ യുക്തിയോ അവയുടെ സമഗ്രമായൊരു സ്വഭാവമോ പ്രൊഫഷണലായി എഡിറ്റ് ചെയ്തു തീർക്കുന്ന സമ്പ്രദായം മലയാളത്തിൽ പൊതുവേയില്ല. ഇന്ത്യയിൽ ഒട്ടുമില്ല. അതു പ്രധാനമായും പൊതുവായി കാണുന്നത് ഇംഗ്ലീഷ് അക്കാദമിക് പ്രസിദ്ധീകരണങ്ങളിൽ തന്നെയാണ്. ഇത്തരമൊരു സമ്പ്രദായം മലയാളസർവകലാശാല കൊണ്ടുവരുന്നതായാൽ വളരെ ഗുണകരമായിരിക്കും. കോപ്പി എഡിറ്റിങ്ങിന് മറ്റൊരു ഗുണം കൂടിയുണ്ട്. രാജേന്ദ്രൻ മാഷ് പറഞ്ഞതുപോലെ എല്ലാ നിലവാരപ്പെടുത്തലും നല്ലതാണെന്നല്ല പറയുന്നത്. പ്രത്യേകിച്ച് പദാവലിയുടെ മാനകീകരണം അതിലൂടെ സാധിക്കും. 'ഐഡിയോളജി' എന്നതിന് ഒരു പുസ്തകത്തിൽ ഒരു വാക്കും മറ്റൊരു പുസ്തകത്തിൽ വേറൊരു വാക്കും മൂന്നാമത്തെ പുസ്തകത്തിൽ മൂന്നാമതൊരു വാക്കുമായി മാറുന്നതിന് പകരം ഒരു പ്രത്യേക രീതിയിൽ ഒരു പൊതുവായ നിലവാരം വിന്യസിപ്പിച്ചുകൊണ്ടുള്ള കോപ്പി എഡിറ്റിങ് നയം രൂപീകരിക്കുകയും അതിന് പറ്റിയ കുറെ വിദഗ്ദ്ധരുമുണ്ടെങ്കിൽ പുസ്തകങ്ങളുടെ നിലവാരവും അവയുടെ അംഗീകാരവും കൂടി വരും. പുസ്തകങ്ങളിൽ കാണുന്ന അച്ചടി പിശകും അക്ഷരതെറ്റും വ്യാകരണ പിശകുകളുമൊക്കെ വലിയ ദുഃഖകരമായ അവസ്ഥയാണ്. അതുകൊണ്ടുതന്നെ അതിന്റെ വിശ്വസനീയത വല്ലാതെ കുറഞ്ഞുപോകുകയും ചെയ്യും. ഇതൊക്കെ വളരെ ഗൗരവമായി ശ്രദ്ധയിലെടുത്ത് മലയാളത്തിൽ കോപ്പി എഡിറ്റിങ്ങിന്റെ ഒരു സംസ്കാരം ഉണ്ടാക്കേണ്ടി വരും. അത്തരത്തിലുള്ള ആളുകളെ പരിശീലിപ്പിക്കുകയും ഒരു സമ്പ്രദായമാക്കി വളർത്തിയെടുക്കാൻ ഇന്ന് കഴിയുന്നത് മലയാളസർവകലാശാലക്കാണ്.

**ഡോ. കെ.കെ.എൻ. കുറുപ്പ്:** കോപ്പി എഡിറ്റിങ് സമ്പ്രദായം തന്നെ വാസ്തവത്തിൽ ഇന്ത്യയിൽ വളർന്നു വന്നിട്ടില്ല. ഒരു പക്ഷേ, എന്റെ ഒരു ഇംഗ്ലീഷ് കൈയ്യെഴുത്തുപ്രതിയിൽ ഞാൻ കാണാത്ത തെറ്റുകൾ പലതും ഉണ്ടാകാം. ഒരു ഇംഗ്ലീഷ് പ്രൊഫസർക്കേ അതു കണ്ടെത്തി തിരുത്താൻ കഴിയൂ. ആ നിലയിൽ മലയാളത്തിൽ പ്രാവീണ്യമില്ലാത്തവർക്ക് മലയാള പുസ്തകങ്ങൾ കോപ്പി എഡിറ്റിങ് നടത്തി തിരുത്താനാവില്ല. കോപ്പി എഡിറ്റിങ്ങിന് ആവശ്യമായ പ്രൊഫസർമാരെ നാം പരിശീലിപ്പിച്ചെടുക്കുന്നതിന് ഒരു സംവിധാനം മലയാളസർവകലാശാലയിൽ ഉണ്ടാകണം. മലയാളത്തിന്റെ ലിംഗ്വിസ്റ്റിക് മേഖലകൾ ഉണ്ട്. കടത്തനാട് ഒരു സോൺ ആണെങ്കിൽ മദ്ധ്യകേരളം വേറൊരു ലിംഗ്വിസ്റ്റിക് സോൺ ആണ്. ഇത്ര വ്യത്യസ്തതകളെല്ലാം നമ്മൾ കണ്ടറിഞ്ഞ് കണക്കിലെടുക്കേണ്ടതുണ്ട്.

**ഡോ. സി. രാജേന്ദ്രൻ:** ഡോ. നാരായണൻ വെച്ചത് പ്രധാനപ്പെട്ട നിർദേശങ്ങളാണ്. അതിനോട് ചിലതൊക്കെ കൂട്ടിചേർക്കേണ്ടതുണ്ട്. മലയാളസർവകലാശാലയുടെ നില കുറച്ചുകൂടി വിപുലീകരിക്കേണ്ടതാണെന്ന് തോന്നുന്നു. അടിയന്തിര ശ്രദ്ധ പതിയേണ്ടത് പത്രഭാഷയാണ്. പത്രഭാഷയും മാധ്യമ ഭാഷയും അനുദിനം വിപുലമായിക്കൊണ്ടിരിക്കുകയാണ്.

ഇതിലൊക്കെ ക്രിയാത്മകമായി ഇടപെടാൻ മലയാളസർവകലാശാലക്ക് എത്രത്തോളം പറ്റുമെന്ന് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പത്രപ്രവർത്തകർക്ക് ഒരു ഹ്രസ്വകാല കോഴ്സ് നടത്തുവാൻ നാം തയ്യാറാകണം. അതിലൊക്കെ മാരാരുടെ മലയാളശൈലിപോലുള്ള പുസ്തകങ്ങൾ പഠിപ്പിച്ചുകൊടുക്കണം. രണ്ടാമത്തെ കാര്യം ഒരു സമാഹർത്താവ് സ്വയം വിശേഷിപ്പിക്കുക എഡിറ്റർ എന്ന നിലയ്ക്കാണ്. അദ്ദേഹം പലപ്പോഴും ചെയ്യുക ഈ ലേഖനങ്ങളെല്ലാം കൂട്ടിചേർക്കുകയും പിൻവലിയുകയുമാണ് ചെയ്യുക. യഥാർത്ഥത്തിൽ ഒരു എഡിറ്റർ ചെയ്യേണ്ടത് അത് മുഴുവൻ വായിക്കുകയും ക്രോഡീകരിക്കുകയും വിഷയത്തിനെ പുനഃസംവിധാനം ചെയ്യുകയും നറേറ്റീവ് ഉണ്ടാവുകയുമാണ്. എം.എച്ച്. എബ്രഹാർസൻ എഡിറ്റ് ചെയ്ത പുസ്തകം വായിച്ചാൽ ആ പുസ്തകം അദ്ദേഹത്തിന്റെ മൂലലേഖനം വായിച്ചതിന് തുല്യമായിരിക്കും. അത്രയും അറിവ് നമുക്ക് സഞ്ചിതരൂപത്തിൽ കിട്ടും. ഈ രീതിയിൽ കഠിനമായി അദ്ധ്വാനിക്കാൻ ആളുകൾ തയ്യാറാകുന്നില്ല. ഇതൊരു പ്രശ്നമാണ്. അതുപോലെ തന്നെയാണ് പിയർറിവ്യൂ വിങ് എന്നതും. സാധാരണ പിയർറിവ്യൂഡ് എന്നത് വലിയൊരു തമാശയായി മാറിയിട്ടുണ്ട്. അതൊരു വൻ വ്യവസായമായി ഇന്ന് മാറിയിട്ടുണ്ട്. ഇതിനെയൊക്കെ അതിജീവിച്ച് ചില ഗ്രന്ഥങ്ങളും ചില ലേഖനങ്ങളും വരുന്നുണ്ടെന്നത് വലിയ കാര്യമാണ്. പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിൽ 19, 20 നൂറ്റാണ്ടുകളുടെ തുടക്കത്തിൽ ഉണ്ടായിട്ടുള്ള പഴയ എഡിഷനുകൾ. അന്ന് ഇത്രയും സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. അവർ എഡിറ്റേഴ്സ് എന്ന നിലയിൽ കൃത്യതയോടെ കാര്യങ്ങൾ നിർവഹിച്ചു. ഭാഷ കൃത്യമായി ഉപയോഗിക്കുന്നതിലും അതിന്റെ അർത്ഥത്തിനെക്കുറിച്ചും കൃത്യമായ പരിശീലനത്തിന്റെ ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്. കൃത്യതയില്ലാതെ ഒരു ഭാഷക്കും മുന്നോട്ട് പോവാൻ പറ്റില്ല. നമ്മൾ അവിടെയൊക്കെ ഒരു അയഞ്ഞ സമീപനം കാണുന്നുണ്ട്. അവിടെയൊക്കെ ഒരു തടയിടാൻ എന്തൊക്കെ ചെയ്യാൻ പറ്റുമൊന്നൊക്കെ കൂടി ആലോചിക്കണം. ഇതൊക്കെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഇതിന് നേതൃത്വം നൽകാൻ മലയാളസർവകലാശാലക്ക് കഴിയുമെന്ന് കരുതുന്നു. പ്രത്യേകിച്ചും മലയാളത്തിൽ ധാരാളം മാധ്യമങ്ങൾ അനുദിനം വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയൊക്കെ ഒരുതരം പരിശീലനം ആവശ്യമാണെന്നു തോന്നുന്നു. ഭാഷ കൃത്യമായിട്ട് ഉപയോഗിക്കുന്നതിലും അതിന്റെ അർത്ഥത്തിനെക്കുറിച്ചുള്ള കൃത്യമായ ധാരണയുണ്ടാക്കുന്നതിലൊക്കെ നമ്മുടെ മലയാള ഭാഷയോട് അത്തരത്തിലൊരു സ്നേഹം വേണം. ഇംഗ്ലീഷ് തെറ്റിച്ചാൽ സമൂഹത്തിൽ അത് മോശമായി കണക്കാക്കുന്നുണ്ട്. പക്ഷേ മലയാളം തെറ്റിച്ചാൽ ആരാണത് തെറ്റാണെന്ന് പറയാൻ ധൈര്യപ്പെടുന്നത് എന്നാണ് ഇപ്പോഴത്തെ ഒരവസ്ഥ. അതുകൂടി പരിഗണിക്കണം. നമുക്ക് നമ്മുടെ രീതിയിൽ ചെയ്യാൻ പറ്റും. ഇവിടെയുള്ള പുസ്തകങ്ങൾ നല്ല രീതിയിൽ പുറത്തുവന്നാൽ അത് ശ്രദ്ധിക്കപ്പെടും. നല്ല നിലവാരമുള്ള പുസ്തകങ്ങൾ പുറത്തുവന്നാൽ തീർച്ചയായിട്ടും ശ്രദ്ധിക്കപ്പെടും. അല്ലെങ്കിൽ അത് അവഗണിക്കപ്പെടുമെന്നുള്ളത് ഒരു വസ്തുതയാണ്. അതിലെന്തൊക്കെ സ്ഥാപനപരമായി ചെയ്യാൻ കഴിയുമെന്ന് സർവകലാശാല ആലോചിക്കണം. ചില ഹ്രസ്വകാല കോഴ്സുകളൊക്കെ ആരംഭിക്കേണ്ടി വരും.

**വൈസ് ചാൻസലർ:** മലയാളസർവകലാശാല പ്രസിദ്ധീകരണവിഭാഗം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഡോ. എം.വി. നാരായണൻ മാഷും ഡോ. സി. രാജേന്ദ്രൻ മാഷും പറഞ്ഞ കാര്യങ്ങളിൽ അനുകൂലമായ കുറെ നടപടികൾ സർവകലാശാല ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ യോഗത്തിൽ അത് തീരുമാനിച്ചിട്ടുമുണ്ട്.

**ഡോ. ധന്യ:** മലയാളസർവകലാശാലയിൽ 2019 ൽ എം.എസ്.സി. പരിസ്ഥിതിപഠനപ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 2-ാമത്തെ ബാച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്. ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കുവാൻ സാധിക്കുമെന്ന് സമൂഹത്തിന് മുന്നിൽ മലയാള

സർവകലാശാല തെളിയിച്ചിരിക്കുകയാണ്. ആദ്യബാച്ചിലെ 18 പേരിൽ 2 പേർ യു.ജി.സി. നെറ്റ് പരീക്ഷയിൽ വിജയിച്ചു. അതിന് ശേഷം 18 പേർ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവാർഡുകളോടു കൂടിതന്നെയാണ് കോഴ്സ് പാസായിട്ടുള്ളത്. അതായത് അവർക്ക് പ്രോജക്ടിനുള്ള അവാർഡ് ലഭിച്ചു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 8 പേർക്ക് സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇത്രയും മാതൃകയാക്കാൻ പറ്റിയ ഒരു കോഴ്സ് നമ്മുടെ കൈവശമുണ്ട്. മലയാളസർവകലാശാലയ്ക്കും ഉന്നതവിദ്യാഭ്യാസവകുപ്പിനും ഇതൊരു മാതൃകയാക്കി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമാക്കി കൊണ്ടുവന്നാൽ ശാസ്ത്രം മലയാളത്തിൽ പഠിപ്പിക്കുന്നതിൽ സമൂഹത്തിൽ നിലനിൽക്കുന്ന വിമുഖതയും പ്രശ്നങ്ങളുമൊക്കെ മാറ്റിയെടുക്കാൻ സഹായിക്കും.

**ഡോ. കെ.വി. ശശി:** നാരായണൻ മാഷ് പറഞ്ഞതുപോലെ, ഉദാ: 'പ്രത്യയശാസ്ത്രം' എന്ന ഒരു വാക്ക് മാത്രം മതി മലയാളത്തിൽ എന്ന ഒരു തീരുമാനത്തിലേക്ക് നമ്മൾ പോണോ? കാരണം മലയാളം കേവലം അക്കാദമീഷ്യൻമാരും ഒരു ഭാഷയല്ല. ഭാഷ മലയാളത്തിൽ ഉണ്ടാകുന്നത് അക്കാദമിക് എക്സർസൈസിലൂടെയുമല്ല. അക്കാദമിക് ലോകത്തിന് പുറത്ത് നിൽക്കുന്ന സാധാരണ മനുഷ്യരുടെ എക്സർസൈസിലൂടെയാണ് മലയാളം നിലനിൽക്കുന്നത്. അതുകൊണ്ട് മലയാളത്തിന് ഒരു ശുദ്ധരൂപമൊന്നുമില്ല. കുട്ടികൃഷ്ണമാരാർ ഉപയോഗിച്ച മലയാളഭാഷയുടെ രൂപമെന്ന നിലയിലേക്ക് പോകുന്നത് മലയാളസർവകലാശാലക്ക് എത്രമാത്രം സ്വീകാര്യമായിരിക്കുമെന്ന് എനിക്ക് പറയാൻ കഴിയില്ല. അതൊരു വരേണ്യഭാഷയിലേക്ക് മലയാളസർവകലാശാലയെ കൊണ്ടുപോകും. ഇത് സർവകലാശാലയുടെ തുടക്കത്തിൽ അന്നത്തെ വൈസ് ചാൻസലർ മലയാളത്തിന്റെ ഒരു ശുദ്ധി വേണമെന്നും ശുദ്ധമലയാളം പഠിപ്പിക്കണമെന്നും കേരളത്തിലെ മുഴുവൻ അധ്യാപകരേയും ശുദ്ധമലയാളം പഠിപ്പിക്കണമെന്നൊക്കെയുള്ള നിലപാട് എടുത്തിട്ടുള്ള ഒരു സന്ദർഭം ഉണ്ടായിട്ടുണ്ട്. അന്ന് ഞങ്ങൾ പറഞ്ഞത് ശുദ്ധമലയാളം എന്നൊരു മലയാളം നിലനിർത്താൻ പറ്റില്ല. ഒരു വാക്കിന് പകരം അനേകം വാക്കുകൾ നില നിൽക്കുന്നത് പോലെ തന്നെയാണ് മലയാളത്തിന്റെ ഭാഷാപരമായ ജനാധിപത്യം എന്നാണ് ഞങ്ങൾ പറഞ്ഞിരുന്നത്. ഒരു മലയാളവാക്കിന് പകരം അതിന്റെ ബ്രാക്കറ്റിൽ അതിന്റെ മൂലഭാഷ ഇംഗ്ലീഷാണെങ്കിൽ അത് കൊടുക്കുന്നതോട് കൂടി ആ വാക്ക് മലയാളത്തിന്റേതായി തീരും. അപ്പോൾ പ്രത്യയശാസ്ത്രത്തിന് ഒരാൾ ആശയശാസ്ത്രം എന്ന് തന്നുകഴിഞ്ഞാൽ അതിന്റെ ബ്രാക്കറ്റിൽ ideology എന്ന് കൊടുത്താൽ മതി. അങ്ങനെ കൊടുക്കുന്നതിൽ ഈ ട്രാൻസലേഷന്റെ പ്രശ്നങ്ങൾ, എല്ലാത്തിനും ഒറ്റ സത്യം, ഒറ്റ യാഥാർത്ഥ്യം എന്ന കൊണ്ടുപോകലിന് അവസാനം വരും. അങ്ങനെ ചെയ്തില്ലെങ്കിൽ മലയാളമെന്നത് കേവലം അക്കാദമിഷ്യൻമാരുടേയും, ശ്രേഷ്ഠഭാഷ എന്നൊക്കെയുള്ള വാദത്തിന് വേണ്ടി നിൽക്കുന്ന കുറെ പ്രൊഫസർമാരുടേയും അക്കാദമിക് പാണ്ഡിത്യത്തിൽ വിലസുന്ന ആളുകളുടെയും ഭാഷയായി മലയാളം മാറാനുള്ള സാധ്യതയുണ്ട്. അതിൽ മലയാളസർവകലാശാല കൂടെ നിക്കേണ്ടത് കേരളത്തിലെ സാധാരണക്കാരുടെ മലയാളിയുടെ ഭാഷയോടൊപ്പമാണ്. വിദ്യാഭ്യാസം പോലുമില്ലാത്തവർക്ക് ഈ വിഷയങ്ങൾ മനസ്സിലാക്കാവുന്ന തരത്തിലാണ്ഒരു ഇംഗ്ലീഷ് വാക്കിന് അനേകം വാക്കുകൾ ഉണ്ടാകുന്നത്. ഭാഷയുടെ ജനാധിപത്യവ്യവസ്ഥയുടെ കാതൽ എന്നത് ഇതാണ്.

രണ്ടാമത് നാരായണൻ മാഷ് പറഞ്ഞതിനോടുള്ള ഒരു വിയോജിപ്പാണ്. നമ്മുടെ ആക്ട്, സ്റ്റാറ്റ്യൂട്ട് തുടങ്ങിയവ മലയാളത്തിലാക്കുന്നതിനുള്ള ഒരു തീരുമാനം നമ്മൾ ഇപ്പോൾ തന്നെ എടുക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ അത് നീണ്ടു നീണ്ടു പോകും. അതിനുള്ള നടപടികൾ ഉടനെ തുടങ്ങണം. ബഹു. എം.എൽ.എ. പറഞ്ഞതുപോലെ ഈ മലയാളം സർവകലാശാലയുടേതല്ല. സർവകലാശാലയിലുണ്ടാകുന്ന വിജ്ഞാനത്തിന്റെ ഏതു ചെറിയ കണി

കകളും മലയാളിക്കു അവകാശപ്പെട്ടതാണ്. ആ ബോധ്യം മലയാളിക്കുണ്ടാകണം. മലയാളസർവകലാശാലയിൽ എന്തു നടക്കുന്നുവെന്നത് മലയാളിക്ക് മലയാളത്തിലുള്ള സ്റ്റാറ്റ്യൂട്ട് തുറന്നു നോക്കിയാൽ മനസ്സിലാകും. സംസ്കൃതസർവകലാശാലയിൽ എന്തു നടക്കുന്നുവെന്നത് മനസ്സിലാവില്ല. അതിന് ഇംഗ്ലീഷ് അറിയുന്ന ഒരാളെക്കൊണ്ട് നോക്കിക്കണം. ഈ പ്രശ്നം മലയാളസർവകലാശാല അധ്യാപകസമൂഹം നിയമപരിഷ്കാരകമ്മീഷന്റെ മുന്നിൽ ഉന്നയിച്ചിട്ടുണ്ട്. മലയാളസർവകലാശാല അക്കാദമിക് എക്സർസൈസിനു മാത്രമുള്ള സ്ഥാപനമായി മാറികൂടാ. ഈ സർവകലാശാലയിൽ എന്തുനടക്കുന്നുവെന്ന കാര്യം സാധാരണക്കാർക്ക് ഓഡിറ്റ് ചെയ്യാനാവണം. അടിസ്ഥാനപരമായി ഭാഷ എല്ലാ മലയാളിക്കും പ്രാപ്തമാകണം. കമ്മീഷന്റെ തീരുമാനം വരുന്നതുവരെ കാത്തിരിക്കാതെ ആക്ടും സ്റ്റാറ്റ്യൂട്ടും സാധ്യമായ തരത്തിൽ സർവകലാശാല അത് മലയാളത്തിൽ ആക്കണം. സർവകലാശാല രണ്ട് മൂന്ന് മാസം കൊണ്ടാണ് സ്റ്റാറ്റ്യൂട്ട് മലയാളത്തിലാക്കി അംഗീകരിച്ചിട്ടുള്ളത്. ഇവിടുത്തെ അധ്യാപകരും കാലിക്കറ്റിൽ നിന്നും റിട്ടയർ ചെയ്തശേഷം വന്നവരും കേവലം 6 മാസം കൊണ്ട് സ്റ്റാറ്റ്യൂട്ടുണ്ടാക്കി. കഴിഞ്ഞ ഭരണത്തിൽ നീണ്ട വർഷംകൊണ്ട് ഉണ്ടാകാതിരുന്ന സ്റ്റാറ്റ്യൂട്ട് ആറ് മാസം കൊണ്ടുണ്ടായി. ഇത് മറ്റ് സർവകലാശാലകളിലുമുണ്ടാകണം. അതോടൊപ്പം അവിടെ നടക്കുന്ന ഗവേഷണങ്ങളുടെ ഒരു സംക്ഷിപ്തരൂപമെങ്കിലും മലയാളത്തിൽ അവരുടെ വെബ്സൈറ്റിൽ കൊടുക്കണം. ഇത് ഇവിടുത്തെ അദ്ധ്യാപകസമൂഹത്തിന്റെ ഒരു പ്രതീക്ഷയാണ്.

ഈ ഘട്ടത്തിൽ ചർച്ചയിൽ ഇടപ്പെട്ട് **ഡോ. സി. രാജേന്ദ്രൻ**: ഏത് ഭാഷയുടെ വളർച്ചയിലും ഒരു മാനവീകരണം എന്നുള്ളത് കാണാൻ സാധിക്കും. അതിസങ്കീർണമായ വിഷയങ്ങൾ ചർച്ചക്കെടുക്കേണ്ടി വരുകയുള്ളൂ. പലപല തലങ്ങളിൽ പണ്ട് കാലത്തും അങ്ങനെ ഉണ്ടായിരുന്നു. ആയുർവേദ രംഗത്തും വ്യാകരണരംഗത്തും തച്ചുശാസ്ത്രരംഗത്തും കേരളത്തിന്റെ തന്നെ ചരിത്രമെടുത്താൽ ഭരണരംഗത്തും ഭാഷാകൗടില്യം പോലുള്ള പുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട്. ആശയവിനിമയത്തിൽ ഒരു കൃത്യത ഉണ്ടായിരുന്നു. അത് ബഹുസ്വരതയുടെ നിഷേധം അല്ല. ആ രീതിയിലെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ഏത് ഭാഷയിലും ഒരു വർണരാജിയുണ്ടാകും. പല പല തലം ഉണ്ടായിരിക്കും. അതിൽ ഒരു തലം മാനവീകരണമാണ്. ഇതിന് വേണ്ടി നാം കുറച്ച് ബുദ്ധിമുട്ടണം. അത് ആവശ്യമാണ്. അല്ലെങ്കിൽ നമുക്ക് ചില സങ്കീർണവിഷയങ്ങളെങ്കിലും ചർച്ച ചെയ്യുന്ന സമയത്ത് കൃത്യതയുടെ ഒരു പ്രശ്നം വരാം. അത് ഒഴിവാക്കേണ്ടി വരും. പ്രത്യേകിച്ച് ആധുനിക വൈദ്യശാസ്ത്രം പോലെയോ അല്ലെങ്കിൽ ന്യൂക്ലിയർ ഫിസിക്സ് പോലുള്ള വിഷയങ്ങൾ വരുന്ന സമയത്ത് പലതരം വിവർത്തനങ്ങൾ എന്നതിനേക്കാൾ കൂടുതൽ നമ്മൾ ഒരു ആശയവിനിമയത്തിനെന്ന നിലക്ക് ഏതാണ് കൃത്യമായിട്ടുള്ളതെന്ന് അത്തരത്തിൽ കൂടി നമ്മൾ ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്നാലെ ഏത് വിഷയവും ഭാഷക്ക് കൈകാര്യം ചെയ്യാൻ കെൽപ്പുണ്ടെന്ന് വരൂ. ചൈനക്കാരൊക്കെ അതാണ് ചെയ്യുന്നത്. ജപ്പാൻകാരും അതാണ് ചെയ്തിട്ടുള്ളത്. ഇംഗ്ലീഷുകാരും ജർമൻകാരുമതാണ് ചെയ്യുന്നത്. ഇവിടെയൊക്കെ മാനവീകരണം ഒരു ഘട്ടത്തിൽ വരുന്നുണ്ട്. അതൊരു ബഹുസ്വരതയുടെ നിഷേധം ആവില്ല. അത് ഞാൻ അംഗീകരിക്കുന്നുണ്ട്. അല്ലാതെയും നമുക്ക് അതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. പിന്നെയുള്ളത് പത്രഭാഷയെക്കുറിച്ചാണ്. ഒരു തരം വളയം വേണം. പക്ഷേ വളയത്തിന് പുറത്തേക്ക് നമുക്ക് ചാടാം. എന്നാൽ അടിസ്ഥാനപരമായ കാര്യങ്ങൾ വേണ്ടിവരും. എന്നാൽ കുട്ടികൃഷ്ണ മാരാരുടെ പുസ്തകത്തിലുള്ള വ്യഥാ സ്ഥൂലത ഒഴിവാക്കാം. ബാക്കി കാര്യങ്ങളിൽ ഒരുപാട് നിർബന്ധങ്ങളൊക്കെ ഉണ്ടെങ്കിൽ അതിലെ ശാഠ്യങ്ങളൊക്കെ ഒഴിവാക്കിയിട്ട് അതിലുള്ള ചില കൃത്യതകളുണ്ട്. ചില വ്യഥാസ്ഥൂലതകൾ നമുക്ക് എങ്ങനെ ഒഴിവാക്കാൻ പറ്റും. എങ്ങനെ വെടിപ്പോടുകൂടി ആശയങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കും എന്നു തുടങ്ങിയ കാര്യങ്ങളിൽ ഇംഗ്ലീഷിൽ ധാരാളം പുസ്തകങ്ങൾ ഉണ്ട്. മല

യാളത്തിൽ ഏറെ ധാരാളമുണ്ടായിട്ടുണ്ട്. ഇതൊക്കെ വായിക്കുന്നത് നമ്മുടെ വിഭവസമ്പത്ത് വർദ്ധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുംകൂടി ആവശ്യമാണ്. എങ്കിലേ ചിത്രം പൂർത്തിയാകൂ.

**ഡോ. എം.വി. നാരായണൻ** : ശശി എന്തിനാ ഇങ്ങനത്തെ അധികാരരൂപങ്ങളും അത്യാവശ്യമുണ്ടോ? ഇവിടെ നമുക്കൊക്കെ അറിയുന്ന ചില കാര്യങ്ങളാണല്ലോ ഇവിടെ പറഞ്ഞത്. പിന്നെ ഏതാണ് ഈ സാധാരണക്കാരുടെ ഭാഷ? നമ്മൾ സാധാരണക്കാർ എന്നുപറയുന്ന വളരെ അവ്യക്തമായിട്ടുള്ള അമൂർത്തമായിട്ടുള്ള സംഗതി എടുത്ത് ബാക്കിയൊക്കെ 'എലീറ്റ്' എന്നു പറയുന്ന ഈ തിരസ്കരണമെന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നുമില്ല. ഈ സാധാരണക്കാരുടെ ഒരു ഭാഷയില്ല. ഈ സാധാരണക്കാരല്ലാത്തവരുടെ ഒരു ഭാഷയുമില്ല ഈ സാധാരണക്കാർക്കും. ഈ ഭാഷയൊക്കെ മനസ്സിലാക്കാൻ പറ്റും. ഒരർത്ഥത്തിൽ ഞാൻ പറയും ബാക്കിയുള്ള ഭാഷയെല്ലാം 'എലീറ്റാ'ണ് സാധാരണക്കാർക്ക് മനസ്സിലാക്കാൻ പറ്റില്ല എന്നു പറയുന്നതിൽ തന്നെയാണ് സാധാരണക്കാരോടുള്ള ഒരവജ്ഞ വരുന്നത്. അവിടെ സാധാരണക്കാർക്ക് ഇത്രയൊക്കെ മനസ്സിലാക്കാനുള്ള കെൽപ്പേയുള്ളൂ, കഴിവുള്ളൂ എന്നൊക്കെ പറയുന്ന വേറെ ചില അനുമാനങ്ങൾ ഉണ്ട്. പലപ്പോഴും പറയാറുള്ളത്. ക്ലാസിക്കൽ കലകൾ ജനാധിപത്യവത്കരിക്കണമെന്ന്. അതെന്തോ ജനങ്ങളിൽ നിന്നും അന്യമായി നിൽക്കുന്നതാണ്, ജനങ്ങൾക്ക് മനസ്സിലാകില്ല എന്നൊക്കെ പറയുന്ന ഒരു ധാരണയാണിത്. എല്ലാ കലാരൂപങ്ങളും എല്ലാവർക്കും മനസ്സിലാകും. ഇതിൽ സാധാരണക്കാർ എല്ലാ നിലക്കും താഴെകിടയിലാണ് എന്നുള്ള ഒരു കൽപനയില്ലേയെന്ന് എനിക്ക് തിരിച്ചും ചോദിക്കാം. എന്നാൽ ഞാനത് ചോദിക്കുന്നില്ല. ഞാൻ പറയുന്നത് ഇത്രയേയുള്ളൂ. അക്കാദമിക വ്യവഹാരമെന്ന നിലക്ക് നമ്മൾ സാധാരണക്കാർക്ക് മാത്രമല്ല അക്കാദമികമായുള്ള വ്യവഹാരത്തിന്റെ താൽപര്യങ്ങൾ നിലനിർത്താൻ കൂടി നമ്മൾ ചുമതലപ്പെട്ടവരാണ്. നമ്മൾ ഏർപ്പെടുത്തുന്നത് ഒരു ബൗദ്ധികവ്യവഹാരത്തിൽ തന്നെയാണ്. അതല്ലായെന്ന് നിരസിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും നമുക്ക് കിട്ടാൻ പോകുന്നില്ല. എന്താണ് അക്കാദമിക് വ്യവഹാരത്തിന്റെ പ്രത്യേകതയെന്ന് പറയുന്നത്? ഭരണത്തിൽ നാം ഉപയോഗിക്കുന്ന ഓരോ വാക്കിനേയും സംജ്ഞയേയും കുറിച്ചുള്ള ഒരു ബോധമാണ് ഇതിന്റെ ചരിത്രത്തെക്കുറിച്ചുള്ള ഒരുധാരണയാണ്. ഏതുരീതിയിൽ എന്തുകൊണ്ട് മറ്റൊരുവാക്യം നാം ഉപയോഗിക്കുന്നില്ലായെന്ന് വ്യക്തമാക്കാനുള്ള ഒരു ചുമതലയാണ്. അതൊരു പ്രത്യേക തരത്തിലുള്ള ഉത്തരവാദിത്തവും ബാധ്യതയുമുണ്ടതിന്. അതിനേക്കുറിച്ചാണ് ഞാൻ പറയുന്നത്. പ്രത്യയശാസ്ത്രമെന്നതിന് ഭ്രാന്ത് എന്നെനിക്ക് പരിഭാഷപ്പെടുത്താം. അവിടെയെവിടെയാണ് നാം വരവരക്കുന്നത്. എവിടെയാണ് അത് അംഗീകരിക്കുന്നില്ലായെന്ന് പറയുക. കേവലം വൈയക്തികമായ ഒരു വരയാണതെന്ന് നമുക്ക് പറയാൻ പറ്റും. എത്രതന്നെ ഡിസിപ്ലിനാറിറ്റിയിലേക്ക് പോയാലും ഡിസിപ്ലിനറിയായിട്ടുള്ള ചില സങ്കൽപ്പനങ്ങൾ അത് എപ്പോഴും ചോദ്യം ചെയ്തുകൊണ്ടിരിക്കാം. പക്ഷേ അപ്പോഴും ഇന്റർ ഡിസിപ്ലിനറി ആയിട്ടുള്ള ചില പ്രവർത്തനങ്ങൾ നമുക്കാവശ്യമായി വരും. ആ ഡിസിപ്ലിന്റെ അകത്തുള്ള ഒരു പ്രത്യേക ധാരണകളുടേതായിട്ടുള്ള മാപ്പിനകത്ത് നമ്മൾ ഒരു സംജ്ഞ പ്രയോഗിക്കുമ്പോൾ ഒരു വാക്ക് പ്രയോഗിക്കുമ്പോൾ അതിന്റെ ചരിത്രവും ധാരണയും മറ്റും പരിഗണിച്ചിട്ടുവേണം ഉപയോഗിക്കാൻ. ഇതിനേക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതിൽ നമുക്ക് ബഹുത്വമാകാം. പഴമയാകാം. പല പരിഭാഷകളാകാം. പക്ഷേ എന്തുകൊണ്ടാണീ ഓരോ പരിഭാഷയും ഉപയോഗിക്കുന്നതെന്ന ബോധവും ആവശ്യമാണ്. അപ്പോൾ നിലവാരം നിശ്ചയിക്കൽ എന്നുപറഞ്ഞ് ഒന്നിലേക്ക് ചുരുക്കലല്ല അതിന് ഗൗരവമായ ചുമതലാബോധം കൂടി നമ്മൾ ഉപയോഗിക്കുന്ന അക്കാദമികമായ ഭാഷയിൽ കൊണ്ടുവരൽ കൂടിയാണ്. പല ഭാഷകളും വാക്കുകളും ഉപയോഗിക്കാം. അതിലൊരു തെറ്റുമില്ല. ഇതിലൊന്നും സാധാരണക്കാരൻ മാറി നിൽക്കുന്നില്ല. സാധാരണക്കാരെ പുറത്ത് നിർത്തുന്നു

മില്ല. രണ്ടാമത്തെ കാര്യം എല്ലാം മലയാളത്തിൽ ആക്കുകയെന്നതാണ്. യാതൊരു സംശയവുമില്ല. ഞാനത് ഒരു പ്രായോഗിക നിർദ്ദേശമായിട്ട് പറഞ്ഞതാണ്. ഒരു കാര്യം നമ്മ ളല്ലാം ചെയ്തു വെച്ചിട്ട് രണ്ട് മിനിറ്റ് കഴിഞ്ഞിട്ടത് ആദ്യമേ ചെയ്യേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാനാണത്. എനിക്ക് യാതൊരു വിരോധവുമില്ല. എനിക്ക് ശരിയോടൊരു ചോദ്യം ചോദിക്കാനുള്ളത് ഇത്തരത്തിൽ നമ്മുടെ നിയമങ്ങൾ മുഴുവൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടും നമുക്കൊക്കെ അത് മനസ്സിലാക്കാൻ പറ്റുന്നുണ്ടോ? ആ പരിഭാഷ, അതൊക്കെ സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയുമെന്നാണ് നിങ്ങൾ പറയുന്നത്. ഞാൻ പറഞ്ഞത് പ്രായോഗികമായിട്ടാണ്. മറ്റൊന്ന് അക്കാദമികമായിട്ടുള്ള ചില നിരീക്ഷണങ്ങൾ മുന്നോട്ടു വെച്ചതാണ്. ഇതിനെയൊക്കെ നമ്മൾ നിരസിക്കുകയാണ് എന്നിട്ട് നമ്മൾ ബഹുത്വമെന്ന് പേരിൽ എന്തുമാകാമെന്ന് പറയുകയാണെങ്കിൽ അക്കാദമിക വ്യവഹാരമാണെന്ന് പറഞ്ഞിരിക്കണ്ട കാര്യമില്ല. ഇത് എത്രവരെ ഗുണകരമാണെന്ന് കൂടി ആലോചിക്കുക.

**ഡോ. കെ.എം. അനിൽ:** നമ്മൾ ചർച്ച ചെയ്ത കാര്യത്തിൽ ഒരു സംഗതി കൂടി കൂട്ടി ചേർക്കാനുള്ളത് നാരായണൻ മാഷ് പറഞ്ഞതുപോലെ, അക്കാദമിക വ്യവഹാരത്തിൽ ഒറ്റ പരിഭാഷ വേണമെന്നതിൽ നമ്മൾ വാശി പിടിക്കേണ്ടതില്ല. സങ്കൽപനപരമായ കൃത്യതയിലേക്ക് നമ്മൾ എത്തുമ്പോഴാണ് പുതിയ പരിഭാഷകൾ ഉണ്ടായി വരുന്നത്. ഉദാഹരണമായി 'ഉണ്മ' എന്ന വാക്കിന് നമ്മൾ ആയിരിക്കൽ എന്ന വാക്ക് ഉണ്ടാക്കാൻ ശ്രമിക്കുന്നു. അതിന് അദ്ദേഹത്തിന്റെ ന്യായം ഉണ്മ എന്നത് വാക്ക് beingness എന്നത് കൊണ്ട് എന്താണോ അതിന്റെ മൂലാർത്ഥത്തിൽ ദ്യോതിപ്പിക്കാൻ ശ്രമിക്കുന്നത് അത് 'ഉണ്മ' എന്ന് പറയുമ്പോൾ വരുന്നില്ല. അതുകൊണ്ട് ഒരേ പരിഭാഷയേ വേണ്ടൂയെന്ന് പറയുന്നില്ല. ഈ പരിഭാഷ നടത്തുന്നയാൾ അതിന്റെ ഒരു ഉത്തരവാദിത്തം എന്തുകൊണ്ടാണ് നമ്മൾ കൂടുതൽ സങ്കൽപനപരമായ കൃത്യതയിലേക്ക് പോകുമ്പോഴാണ് നമ്മൾക്കു ശരിയായിട്ടുള്ള ഒരു പരിഭാഷയിലേക്ക് എത്തുന്നത്.

ആദ്യകാല പരിഭാഷകളൊക്കെ പിന്നീട് മാറിവന്നിട്ടുണ്ട്. അക്കാദമിക വ്യവഹാരത്തിലേക്ക് വരുമ്പോൾ അത് കുറേകൂടി കൃത്യതയോടു കൂടിയിട്ടുള്ള പരിഭാഷയിലേക്ക് മാറുന്നുവെന്ന് കാണാൻ സാധിക്കും. അതുകൊണ്ട് പരിഭാഷയെ സംബന്ധിച്ചുള്ള ഒരു പൊതുനയമെന്ന് പറയുന്നത് സങ്കൽപനപരമായ കൃത്യതയും സൂക്ഷ്മതയും പുലർത്താൻ കഴിയുന്ന പദങ്ങളിലേക്ക് നമുക്ക് എത്തിക്കാൻ കഴിയുമ്പോഴാണ് സാധിക്കുകയെന്നതായിരിക്കും. അതിൽ കരുണീയമായ ഒരു കാര്യമെന്നാണ് എന്റെ അഭിപ്രായം. മറ്റൊന്ന്, ഇവിടെ സാധാരണക്കാരുടെ കാര്യം പറഞ്ഞപ്പോൾ തോന്നിയ തമാശയാണ് ഈ ആധാരത്തിലെ ഭാഷ എനിക്ക് മനസ്സിലായിട്ടില്ല. പക്ഷേ എന്റെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് അത് മനസ്സിലാകുവാറുണ്ട്. പ്രത്യേകിച്ച് സ്കൂളിൽ പോലും പോയി പഠിക്കാത്തവർക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോയി ആധാരം വായിച്ചു കേട്ടാൽ അവർക്ക് മനസിലാകും. എന്നാൽ എനിക്ക് ഒന്നും മനസ്സിലാകില്ല. അതുകൊണ്ട് വ്യാവഹാരികതയാണ് ഭാഷയുടെ ആധാരമെന്ന് ഞാൻ മനസ്സിലാക്കുന്നു.

**മുരുകൻ കാട്ടാകട**: സാങ്കേതികപദങ്ങളുടെ വിവർത്തനങ്ങൾ അത്ര ലളിതമല്ല. അംബികാസ്മൃതി വിവർത്തനങ്ങളൊക്കെ അതീവ സങ്കീർണമാണ്. ഫിസിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നിവയുടെ സാങ്കേതിക പദങ്ങളുടെ വിവർത്തനം പലപ്പോഴും എന്താണെന്ന് മനസ്സിലാക്കികൊടുക്കാൻ പോലും പറ്റാത്ത വിധമാകാറുണ്ട്. അതിനാൽ വിവർത്തനങ്ങളിലുപയോഗിച്ച പല പദങ്ങളും പിന്നീട് മാറ്റിമറിക്കപ്പെട്ടു. കേരളത്തിന്റെ സാഹിത്യത്തിന്റെ വളർച്ചയിലും ഇത് കാണാവുന്നതാണ്. പ്രാദേശികഭാഷയുടെ വളർച്ചയാണ് 'രണ്ടിടങ്ങഴി'യിലും 'തോട്ടിയുടെ മകനി'ലുമെല്ലാം ദർശിക്കാൻ കഴിയുന്നത്.

**കുറുക്കോളി മൊയ്തീൻ** : സാധാരണക്കാരായ ആളുകൾ ഓരോ പ്രദേശത്തും വ്യത്യസ്തമായ ശൈലിയിലാണ് ഭാഷ ഉപയോഗിക്കുന്നത്. മലപ്പുറം ജില്ലയിൽ തന്നെ പല പ്രദേശങ്ങളിലേയും ഭാഷ വ്യത്യസ്തമാണ്. മലയാളവും നാളികേരകൃഷിയും ചേർന്നാണ് കേരളം രൂപപ്പെട്ടതുപോലും. എന്നാൽ ഇതുരണ്ടും തകർച്ച നേരിടുകയാണ്. മലയാളസർവകലശാലക്ക് മലയാളഭാഷയുടെ സംരക്ഷണം ഏറ്റെടുക്കാൻ സാധിക്കണം. നിരന്തര അന്വേഷണങ്ങളിലൂടെ ഈ സാങ്കേതികപദങ്ങളൊക്കെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിയണം. അതുവഴി ഭാഷയെ സമ്പുഷ്ടീകരിക്കാനാവും. എല്ലാ വിഷയങ്ങളിലും എല്ലാ സ്ഥലങ്ങളിലും നമ്മുടേതായ ഒരു ശൈലി വികസിപ്പിച്ച് നൽകി പ്രചരിപ്പിക്കാൻ സർവകലാശാലക്ക് സാധിക്കണം.

**കെ.കെ.എൻ. കുറുപ്പ്:** പദങ്ങളുടെ അർത്ഥം തന്നെ മാറിക്കൊണ്ടിരിക്കുന്നുണ്ട്. അതിന് സ്ഥിരതയില്ല. കാലഘട്ടം മാറികൊണ്ടിരിക്കുമ്പോൾ പദങ്ങളുടെ ഉപയോഗവും മാറും. നമ്മുടെ 'വാരം' ഫ്യൂഡൽ കാലഘട്ടം മാറിയപ്പോൾ വാരം തന്നെ മാറി പോയി. 'പാട്ടം' അർത്ഥം മാറിപ്പോയി. അതുപോലെതന്നെ 'വെച്ചുകാണൽ'. ഇങ്ങനെ ഓരോ കാലഘട്ടത്തിനനുസരിച്ച് ഭാഷ മാറിക്കൊണ്ടിരിക്കുകയാണ്. ഭാഷ ഇങ്ങനെ വളർന്നുകൊണ്ടേയിരിക്കുകയാണ്. അതിനെയെല്ലാം മലയാളസർവകലാശാല എങ്ങനെയെല്ലാം നേരിടുമെന്നും നേതൃത്വപരമായ പങ്ക് എങ്ങനെ നിർവഹിക്കണമെന്നതും വലിയൊരു സങ്കേതിക പ്രശ്നമാണ്.

**ഡോ. കെ.ജി. പൗലോസ്:** നമുക്ക് നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളുമുണ്ടാക്കുമ്പോൾ ഉപയോഗിക്കേണ്ട ഭാഷയുടെ പ്രശ്നത്തെ സംബന്ധിച്ച് ഒരു കാര്യമേയുള്ളൂ. ഒരാൾ ഈ വിഷയം കോടതിയിൽ ചോദ്യം ചെയ്യുമ്പോൾ നാം സ്റ്റാറ്റ്യൂട്ടിൽ ഉപയോഗിച്ചിട്ടുള്ള വാക്കിന് കൃത്യതയുണ്ടായിരിക്കണം. അയാൾക്ക് തന്റെ അഭിഷ്ടപ്രകാരം വ്യാഖ്യാനിക്കാൻ കഴിയാത്ത അത്ര കൃത്യത വാക്കിന്, നാം ഉപയോഗിക്കുന്ന നിയമഭാഷക്ക് ഉണ്ടായിരുന്നാൽ മതി. ഈ കൃത്യതയാണ് നമ്മളീ മാനവഭാഷ എന്നു പറയുന്നത്. അത് ശശി പേടിക്കുന്നത് പോലെ ഇത് സാധാരണക്കാരുടെയും അല്ലാത്തവരുടെയും പ്രശ്നമല്ല. ഇത് എവിടെ ചെന്ന് കഴിഞ്ഞാലും കോടതിയിലോ വക്കീലോ ആരു നോക്കിയാലും ഇഷ്ടാനിഷ്ടം നോക്കി വ്യാഖ്യാനിക്കുന്ന തരത്തിലായിരിക്കരുത് വിവർത്തനം ചെയ്യുന്ന വാക്കുകൾ.

നമ്മുടെ പ്രസിദ്ധീകരണവിഭാഗത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടിയുണ്ട്. നമ്മൾ പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ വിറ്റൊഴിക്കാതെ കെട്ടികിടക്കുന്ന അവസ്ഥ ഒഴിവാക്കണം. മറ്റ് വിതരണക്കാരിലേക്ക് എത്തിക്കാൻ സാധിക്കുന്ന വിധത്തിൽ നെറ്റ്വർക്ക് സമ്പ്രദായം ഏർപ്പെടുത്തിയാൽ പരിഹരിക്കാനാവും. വായനക്കാരിലേക്ക് എത്തിച്ചേരുന്നതിനുള്ള ഒരു വിതരണസംവിധാനം കൂടി നമ്മൾ ആലോചിക്കണം.

**വൈസ് ചാൻസലർ** : വിതരണം ശക്തിപ്പെടുത്താനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വിൽപ്പന വർദ്ധിപ്പിച്ചിട്ടുമുണ്ട്.

**ലിസി മാത്യു** : ഭാഷയുടെ അർത്ഥം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മലയാളസർവകലാശാലക്ക് ചെയ്യാൻ കഴിയുന്നത് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുകയെന്നതാണ്. അർത്ഥം മാറുന്നതിനനുസരിച്ച് കാലോചിതമായി പരിഷ്കരിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം സംവിധാനം ചെയ്യേണ്ടത്.

**ഡോ. കെ.വി. ശശി** : ഞാൻ സംസാരിച്ചതിലുണ്ടായ ഒരു സംശയം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. ഞാൻ പറഞ്ഞത് അക്കാദമിക് ഭാഷ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകണമെന്നാണ്. അതിന് മലയാളസർവകലാശാലക്ക് ഉത്തരവാദിത്തമുണ്ട്. അതിന്റെ കാരണം സാധാരണക്കാരുടെ നികുതിപണത്തിൽ നിന്നാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. മലയാളിക്ക് ലോകത്തുണ്ടാകുന്ന ഏതു കാര്യവും മലയാളത്തിൽ ആശയവിനിമയം നടത്തുവാനും

കഴിയുമെന്നുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയെന്നതാണ് സർവകലാശാലയുടെ ലക്ഷ്യം. അതുകൊണ്ട് ഏത് അക്കാദമിക് എക്സർസൈസും ഏതൊരു മലയാളിക്കും ലഭ്യമാകണം. ഉദാഹരണത്തിന് ഭാഷാകൗടില്യം, അർത്ഥശാസ്ത്രം എന്നിവക്കുണ്ടായ സാങ്കേതികമായ തർജ്ജമ അത് മലയാളത്തിൽ പ്രാപ്യമാക്കുന്ന ഒരു സമൂഹമുണ്ടായിരുന്നു. അത് സംസ്കൃതം പഠിച്ചവരായിരുന്നു. അവർക്ക് അന്നത്തെ മലയാളം അറിയാമായിരുന്നു. മൊഹിയുദ്ധീൻമാരുടെയും കവിതയാകാതിരിക്കുകയും എഴുത്തച്ഛന്റേത് കവിതയാകുകയും ചെയ്യുന്ന വ്യാവഹാരികമായ ചില ബലാബലങ്ങളുടെ പ്രവർത്തനമുണ്ട്. അത് ഭാഷയിലുമുണ്ട്. അതുകൊണ്ടാണ് ചില വാക്കുകളും പ്രയോഗങ്ങളും വരേണ്യമാണെന്ന് പറയേണ്ടി വരുന്നത്. മലയാളസർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടുപോലും ഒരു സാധാരണ മലയാളിക്ക് വായിച്ചാൽ മനസ്സിലാകണമെന്നില്ല. അതിന് സാങ്കേതികമായ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിൽ സ്ത്രീകളെ പരാമർശിക്കുന്ന ചില വാക്കുകൾ നിയമവകുപ്പ് വെട്ടികളയുകയാണ് ചെയ്തത്. ഇത് ലിംഗനീതിയുമായി ബന്ധപ്പെട്ടതാണ്. ഭാഷാപ്രയോഗങ്ങളും ജനങ്ങൾക്ക് ആഡിറ്റബിൾ ആയിരിക്കണം. രണ്ടാമത് ഏത് മലയാളമാണ് മലയാളിക്ക് മനസ്സിലാകുകയെന്ന് ചോദിച്ചാൽ അത് വ്യാകരണപുസ്തകങ്ങളിലെ മലയാളമല്ല. ആക്ടിലേയും സ്റ്റാറ്റ്യൂട്ടിലേയും വ്യവസ്ഥകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതിനാൽ അതിലെ വാക്കുകളും വാക്യങ്ങളും വ്യക്തവും കൃത്യവുമായിരിക്കണമെന്ന് പറയുന്നത് തന്നെ എത്ര അശുദ്ധമാണെന്നാണ് പറയേണ്ടത്. നിയമത്തിന്റെ വാക്കുകളിൽ പോലും കൃത്യത അസാധ്യമായതുകൊണ്ടാണ് കോടതിയിൽ വാദപ്രതിവാദങ്ങളും വിധിക്കെതിരെ അപ്പീലും മറ്റും സുപ്രീംകോടതി വരെ പോകേണ്ടി വരുന്നത്. അസാധ്യമാണെന്നത് അംഗീകരിച്ചുകൊണ്ടുതന്നെ സാമാന്യം ചർച്ച ചെയ്ത് ഒത്തുത്തീർപ്പ് വഴി എത്തിച്ചേർന്നിട്ടുള്ള അർത്ഥം മാത്രമേ, ഫിലോസഫിക്കൽ വാക്കാണെങ്കിലും സാഹിത്യപദമാണെങ്കിലും മലയാളത്തിൽ നിലനിൽക്കുന്നുവെന്ന് അറിഞ്ഞാൽ പിന്നെ മലയാളസർവകലാശാലയുടെ ലക്ഷ്യമെന്താണെന്ന് നമുക്ക് തിരിച്ചറിയുവാനും കഴിയും. ശുദ്ധമലയാളത്തിൽ ശാഠ്യം പിടിക്കുന്ന ഒരു പ്രൊഫസറുണ്ട്. അങ്ങനെയൊരു പ്രൊഫസർ തെറ്റില്ലാത്ത മലയാളം എന്നൊരു പുസ്തകം എഴുതി 2002 ൽ പുറത്തിറക്കിയ ഉടൻ തന്നെ വിജ്ഞാനകൈരളിയിൽ അതിനെ വിമർശിച്ച് ലേഖനം വന്നു. അതിൽ ഈ പുസ്തകത്തിലെ ധാരാളം തെറ്റുകൾ എടുത്തുദാഹരിച്ച്. തെറ്റിലാത്ത മലയാളമെന്നത് ഒരു സങ്കൽപനമാണെന്നതാണ്. ഇത് പറഞ്ഞയാൾ ഒരു ഭാഷാശാസ്ത്രപണ്ഡിതനാണ്. മാനവീകരണം എന്ന് പറയുന്നത് ഒറ്റവാക്കല്ല. മനുഷ്യർക്ക് ഒരേ അർത്ഥത്തിൽ സംസാരിക്കാനുള്ള സാധ്യതയുണ്ടാക്കികൊടുക്കലാണ്.

**<u>തീരുമാനങ്ങൾ</u>**

ഇനം നമ്പർ: **2022.15**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: മലയാളസർവകലാശാലയിലെ അദ്ധ്യാപകരിൽ നിന്നും പൊതുസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് യോഗത്തിൽ പങ്കെടുത്ത അംഗങ്ങളെ മുഴുവൻ യോഗാദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ സ്വാഗതം ചെയ്തു. സഭയിലേക്കുള്ള വിദ്യാർത്ഥിപ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ആഗസ്റ്റ് 4 ന് നടന്നുവെന്ന വിവരം റിപ്പോർട്ട് ചെയ്തു. മലയാളസർവകലാശാലക്ക് അംഗീകാരം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും സർവകലാശാലക്ക് കൂടുതൽ ധനസഹായം മറ്റ് ഫണ്ടിങ് ഏജൻസികളിൽ നിന്നും ലഭിക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ബഹു. അംഗങ്ങളിൽ

നിന്നും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് പൊതുസഭ അംഗീകരിച്ചു.

ഇനം നമ്പർ: **2022.16**

വിഷയം: **പൊതുസഭയുടെ ഇരുപത്തിയാറാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: 2022 മാർച്ച് 31 ന് ചേർന്ന പൊതുസഭയുടെ ഇരുപത്തിയാറാമത് യോഗത്തിന്റെ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

ഇനം നമ്പർ: **2022.17**

വിഷയം: **28.05.2022 ന് ചേർന്ന നിർവാഹകസമിതി അംഗീകരിച്ച 2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ 2013 സർവകലാശാല നിയമം അദ്ധ്യായം -3 ലെ 11-ാം വകുപ്പ് പ്രകാരം പൊതുസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2022 ജൂലൈ 28 ന് കൂടിയ നിർവാഹകസമിതി യോഗത്തിന്റെ തീരുമാനപ്രകാരം പൊതുസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തികവർഷത്തെ കണക്കുകൾ യോഗം ചർച്ച ചെയ്തു അംഗീകരിച്ചു.

(2832/2019/ധനകാര്യം - ഫിനാൻസ്‌വിഭാഗം)

ഇനം നമ്പർ: **2022.18**

വിഷയം: **എം.എ. വികസനപഠന പ്രോഗ്രാം പൂർത്തീകരിച്ച് തുല്യതാപരീക്ഷ എഴുതി വിജയികളായ വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 2022 മാർച്ച് 31 ന് ചേർന്ന പൊതുസഭാ യോഗത്തിൽ സമർപ്പിച്ച കുറിപ്പിലും പൊതുസഭാ തീരുമാനത്തിലും അതനുസരിച്ച് പുറപ്പെടുവിച്ച സർവകലാശാലയുടെ ഉത്തരവിലും കടന്നുകൂടിയ പിശക് തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവായ വൈസ് ചാൻസലറുടെ നടപടിക്രമം പൊതുസഭയിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിലെ വികസനപഠനസ്കൂൾ നടത്തുന്ന എം.എ. വികസനപഠന പ്രോഗ്രാം പാസായതിനുശേഷം സർവകലാശാല നടത്തിയ തുല്യതാപരീക്ഷ എഴുതി വിജയിച്ച വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് 2022 മാർച്ച് 31 ന് കൂടിയ പൊതുസഭയുടെ 26-ാമത് യോഗത്തിൽ 2022-10 -ാമത് ഇനമായി നൽകിയിരുന്ന കുറിപ്പിൽ '2019-2021 ബാച്ചിന് മുമ്പ്' എന്ന് ചേർക്കുന്നതിന് പകരം '2019-2021 ബാച്ചിന് എന്ന് മാത്രം' തെറ്റായി ചേർക്കുകയുണ്ടായി. ഈ വീഴ്ച പ്രസ്തുത തീരുമാനം രേഖപ്പെടുത്തിയതിലും സംഭവിച്ചു. ഇതു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് '2019-2021 ബാച്ചിന് മുമ്പ്' എന്ന് ശരിയായി രേഖപ്പെടുത്തി ഉത്തരവ് (2346/എ2/2018/അഡ്മിൻ, തീയതി 19.07.2022) പുറപ്പെടുവിച്ച വൈസ് ചാൻസലറുടെ നടപടി യോഗം സാധൂകരിക്കുകയും ഇത്തരം പിശക് ഭാവിയിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(2346/എ2/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.19**

വിഷയം: **നിർവാഹകസമിതി അംഗീകാരം നൽകിയ 13 പിഎച്ച്.ഡി. ഗവേഷണ ബിരുദങ്ങൾക്ക് അനുമതി നൽകുന്ന വിഷയം**

തീരുമാനം: മലയാളസർവകലാശാലയിലെ വിവിധ പഠനസ്കൂളുകളിൽ നിന്നും ഗവേഷണം പൂർത്തിയാക്കി പ്രബന്ധങ്ങൾ സമർപ്പിച്ച 13 ഗവേഷകർക്ക്, മൂല്യനിർണയറിപ്പോർട്ടുകളും വാചാപരീക്ഷാബോർഡിന്റെ ശുപാർശകളും പരിഗണിച്ച് പിഎച്ച്.ഡി. നൽകിയ നിർവാഹകസമിതിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് പ്രസ്തുത 13 പേർക്ക് പിഎച്ച്.ഡി. അവാർഡ് ചെയ്യുവാൻ യോഗം തീരുമാനിച്ചു.

(192/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം)

യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്